കാമവിഭ്രമങ്ങളിൽ നിന്നും ഋഷി സനൽകുമാരനും, ബഹുമാന്യരെ അവഹേളിച്ചുപോയാ ലുണ്ടാകാവുന്ന പാപങ്ങളിൽ നിന്നും ഹയഗ്രീവമൂർത്തിയും രക്ഷിക്കട്ടെ. ദേവർഷിയായ നാരദൻ ആരാധനയിലെ തെറ്റുകളിൽ നിന്നും കൂർമ്മമൂർത്തി നരകാനുഭവങ്ങളിൽ നിന്നും രക്ഷിക്കുമാറാകണം.

പത്ഥ്യമല്ലാത്തവകളിൽ നിന്നും ഭഗവാൻ ധന്വന്തരിയും ഇന്ദ്രിയങ്ങളെ ജയിച്ച ഋഷഭയോഗീശ്വരൻ മായാവിഭ്രമങ്ങളിൽ നിന്നും രക്ഷിക്കട്ടെ. ബലഭദ്രസ്വാമി ജനദ്രോഹങ്ങളിൽ നിന്നും ആദിശേഷൻ ഘോരസർപ്പങ്ങളിൽ നിന്നും കാക്കട്ടെ. അജ്ഞാനത്തിൽനിന്നും ഭഗവാൻ വേദവ്യാസനും, നാസ്തികത്വത്തിൽനിന്നു ശ്രീബുദ്ധനും, കലിദോഷങ്ങളിൽ നിന്നു കൽക്കി ഭഗവാനും പാലിക്കട്ടെ.

ഉദയവേളയിൽ ഗദാധാരിയായ കേശവനും,പ്രഭാതത്തിൽ വേണുവെടുത്ത ഗോവിന്ദനും, പൂർവാഹ്നത്തിൽ ശക്തിധാരിയായ നാരായണനും, മദ്ധ്യാഹ്നത്തിൽ ചക്രപാണിയായ വിഷ്ണുവും, അപരാഹ്നത്തിൽ ചാപധാരിയായ മധുസൂദനനും, സായംകാലത്തു മാധവനും, സന്ധ്യമുതൽ അർദ്ധരാത്രിയോളവും ഹൃഷീകേശനായ പത്മനാഭനും കാത്തുകൊള്ളണമേ. ശ്രീവത്സധാരി ഭഗവാൻ അർദ്ധരാത്രിക്കും, ഖഡ്ഗപാണിയായ ജനാർദ്ദനൻ വെളുപ്പാൻ കാലത്തും, പ്രഭാതസന്ധ്യക്കു ദാമോദരനും പാലിക്കട്ടെ. കാലസ്വരൂപിയായ വിശ്വേശ്വരൻ എല്ലാ സന്ധ്യകളിലും എന്നെ രക്ഷിക്കുമാറാകട്ടെ.

പ്രളയാഗ്നി ചേർന്നതുപോലുള്ള നേമി ചേർന്ന സുദർശനം ശത്രുശക്തിയെ, തീ ഉണങ്ങിയ ഇലകളെയെന്നപോലെ അതിവേഗം നശിപ്പിക്കുന്നു. വജ്രായുധം പോലെ തീപ്പൊരിയുതിർക്കുന്ന ഗദ ദുഷ്ടദേവതകളിൽ നിന്നും രക്ഷിക്കും. ഘോരദുഷ്ട മൂർത്തികളെയെല്ലം പാഞ്ചജന്യത്തിന്റെ നാദം ഭയപ്പെടുത്തിയോടിക്കും.

ശത്രുനാശം വരുത്താൻ ഭഗവാന്റെ കയ്യിലെ വാളിനും, ശത്രുദൃഷ്ടിയിൽ നിന്നും പാപദൃഷ്ടികളിൽ നിന്നും മറയ്ക്കുവാൻ പരിചയ്ക്കും കഴിയും. ഞങ്ങൾക്കുണ്ടാകുന്ന വിവിധ ശല്യങ്ങളെല്ലാം അങ്ങയുടെ രൂപം, നാമം, ശസ്ത്രങ്ങൾ മുതലായവയെ കീർത്തിക്കുമ്പോൾ നശിക്കട്ടെ.

സ്തോത്രാദികളാൽ സ്തുതിക്കപ്പെടുന്ന ഭഗവാൻ ഗരുഡനും വിഷ്വക്സേനനും സർവ്വ ആപത്തുകളിൽ നിന്നും രക്ഷിക്കട്ടെ. ഞങ്ങളുടെ ബുദ്ധി, ഇന്ദ്രിയങ്ങൾ മനസ്സ്, പ്രാണങ്ങൾ ഇവയെ ഭഗവാന്റെ നാമം സ്വരൂപം, വാഹനങ്ങൾ, ആയുധങ്ങൾ, പാർഷദമുഖ്യന്മാർ മുതലായവർ രക്ഷിക്കട്ടെ.

സത്തും അസത്തുമായ പ്രപഞ്ചം മുഴുവൻ അവിടുന്നു തന്നെയാണ് എന്നതു സത്യമായിരിക്കേ ഭഗവാൻ തന്നെ എല്ലാ ഉപദ്രവങ്ങളേയും ദൂരീകരിക്കട്ടെ.

**ഫലഭാഗം**

ഇതുകൊണ്ട് ശത്രുക്കളെ അനായാസം ജയിക്കാം. ഈ കവചം ധരിച്ചവൻ നോക്കുകയും സ്പർശിക്കുകയും ചെയ്യുന്നവർ പോലും രക്ഷ നേടും. ഇതു ധരിക്കുന്നവന് യാതൊന്നിൽ നിന്നും ഭയമുണ്ടാവുകയില്ല.

**ഉദാഹരണം**

പണ്ട് കൗശികഗോത്രജനായ ഒരു ബ്രാഹ്മണൻ ഈ കവചം ധരിച്ച് ഒരു മരുഭൂമിയിൽ പോവുകയും അവിടെ വച്ച് യോഗപ്രഭാവം കൊണ്ട് ശരീരമുപേക്ഷിക്കുകയും ചെയ്തു. പിന്നീടൊരിക്കൽ ആ സ്ഥലത്തിനു മുകളിലൂടെ ഗന്ധർവപതിയായ ചിത്രരഥൻ വിമാനത്തിൽ പോയി. വിമാനം തലകീഴായി താഴെ വീണു. ബാലഖില്യന്മാരെന്ന മുനിമാർ ഉപദേശിച്ചതനുസരിച്ച് അയാൾ ആ ബ്രാഹ്മണന്റെ ഭൗതികാവശിഷ്ടങ്ങൾ പ്രാചീസരസ്വതിയിലൊഴുക്കിയതിനു ശേഷമാണ് മടങ്ങിപ്പോയത്.

ഭയമുണ്ടാകുമ്പോൾ ഇതു കേൾക്കുകയും ശ്രദ്ധാപൂർവ്വം ജപിക്കുകയും ചെയ്താൽ സർവ്വ ഭയങ്ങളും നശിക്കും. സർവ്വ ജീവികളും അയാളെ ആദരിക്കും. വിശ്വരൂപനിൽ നിന്നും നാരായണകവചം ഗ്രഹിച്ച ഇന്ദ്രൻ അസുരന്മാരെ ജയിച്ചു, മൂന്നു ലോകത്തിലേയും ഐശ്വര്യങ്ങൾ അനുഭവിച്ചു.

# നാരായണകവചം

എ. പി. സുകുമാർ

അഭയമരുളുന്ന കാരുണ്യവാരിധി
വിഘ്നനിവാരകനാം ശ്രീഹരി
രക്ഷയേകുന്നു നാരായണൻ
ഭക്തിയേകും ധ്യാനകവചം
പാഹിമാം പാഹിമാം പാഹി
ദേവപാദാരവിന്ദമേ പാഹി

വെള്ളത്തിൽ മത്സ്യാവതാരം,
പിന്നെ ഭൂമിയിൽ വാമനദേവൻ
വായുവിലാകാശരൂപം,
കാട്ടിലോ നരസിംഹഭാവം
പാതയിലെന്നും വരാഹം,
മാമലയിലെല്ലാം ശ്രീരാമൻ
ഹിംസ തീണ്ടാതെ നാരായണൻ
പാഹിമാം പാഹിമാം പാഹി
ദേവപാദാരവിന്ദമേ പാഹി

അഹങ്കാരദോഷത്തിൽ നരനായ്,
യോഗമാർഗ്ഗം കാക്കാൻ ദക്ഷനായ്
കർമ്മപാശത്തിൽ കപിലൻ,
ആസക്തിവേളയിൽകുമാരൻ
ദേവനിന്ദയൊഴിക്കും ഹയഗ്രീവൻ
ഭക്തിസാധനയിൽ ശ്രീനാരദൻ
പാഹിമാം പാഹിമാം പാഹി
ദേവപാദാരവിന്ദമേ പാഹി

നരകത്തിൽ നിന്നും കൂർമ്മം,
ദ്വന്ദഭാവത്തിൽ നിന്നും വൃഷഭൻ
ആൾക്കൂട്ടത്തിൽ ബലരാമൻ,
സർപ്പങ്ങളിൽ നിന്നു ശേഷൻ
മതനിന്ദയിൽ നിന്നു ശ്രീബുദ്ധൻ,
കലിമലങ്ങളിൽ നിന്നു കൽക്കി
പാഹിമാം പാഹിമാം പാഹി
ദേവപാദാരവിന്ദമേ പാഹി

അർക്കോദയത്തിൽ നാരായണൻ,
പ്രഭാതവേളയിൽ കേശവനും
ഉച്ചനേരത്തോ ചക്രപാണി,
അപരാഹ്നത്തിൽ മധുസൂദനൻ
പാഹിമാം പാഹിമാം പാഹി
ദേവപാദാരവിന്ദമേ പാഹി

സന്ധ്യാനേരത്തു മാധവനായ്,
ആദ്യയാമത്തിൽ ഹൃഷീകേശനായ്
രണ്ടാം യാമത്തിൽ ശ്രീപദ്മനാഭൻ,
നാലാം യാമത്തിൽ ശ്രീവത്സൻ
അന്ത്യയാമത്തിലോ നീ ജനാർദ്ദനൻ,
പ്രാതഃസന്ധ്യയിൽ ദാമോദരൻ
പുലരിവിടരുമ്പോൾ വിശ്വേശ്വരൻ
പാഹിമാം പാഹിമാം പാഹി
ദേവപാദാരവിന്ദമേ പാഹി

ശത്രുസംഹാരകം ചക്രവും ഗദയും
ദിവ്യഹുങ്കാരത്തിൽ ദുർദ്ദേവതാജയം
വാൾമുനത്തലയിൽ ശത്രുവിനാശനം
ആ ദിവ്യനാമം പാപഭയാപഹം
പാഹിമാം പാഹിമാം പാഹി
ദേവപാദാരവിന്ദമേ പാഹി



# സ്വാതിതിരുനാളും ഭാരതീയ സംഗീതവും - ഒരു ചർച്ച

എൻ.ആർ.പിള്ള (രാജു-വിളാവത്ത് )

ഭാരതീയസംഗീതം ആദിയിൽ ഒന്നായിരുന്നോ അതോ ഇന്നുകാണുന്നപോലെ ഔത്തരാഹമെന്നും(ഹിന്ദുസ്ഥാനി), ദാക്ഷിണാത്യമെന്നും(കർണ്ണാടക) രണ്ട് പ്രത്യേക പഥങ്ങളിലൂടെയാണോ പ്രചരിച്ചിരുന്നതെന്നും സൂക്ഷ്മമായി മനസ്സിലാക്കാൻ രേഖകൾ കിട്ടിയിട്ടില്ല. ഭാരതീയസംഗീതം ഒന്നായിരുന്നുവെന്നും ക്രി.പി. 12-13-ാം നൂറ്റാണ്ടോടുകൂടിയാണ് രണ്ടു പദ്ധതികളായി വേർതിരിയാൻ തുടങ്ങിയതെന്നുമാണ് ചിലരുടെ അഭിപ്രായം. പാർസിസംഗീതവും പേർഷ്യൻ സംഗീതവും അറബി ഉർദ്ദു തുടങ്ങിയ ഭാഷകളും കലർന്ന് ഉത്തരേന്ത്യയിൽ സംഗീതം പുതുവസ്ത്രമണിഞ്ഞ് ഹിന്ദുസ്ഥാനിസംഗീതമായതുപോലെ ദക്ഷിണേന്ത്യയിലും സംഗീതം പല പരിവർത്തനങ്ങൾക്കുശേഷം ഒരു വത്യസ്ഥ പഥത്തിലൂടെ സഞ്ചരിച്ച് കർണ്ണാടകസംഗീതവുമുണ്ടായി എന്ന് സാമാന്യമായി അനുമാനിയ്ക്കാം.

'വാഗ്ഗേയകാരപഞ്ചകം' അതാണ് കർണ്ണാടകസംഗീത നഭസ്സിലെ അഞ്ച് ഉത്തമവാഗ്ഗേയകാരന്മാരായിരുന്ന പുരന്ദരദാസൻ, ത്യാഗരാജൻ, ദീക്ഷിതർ, ശ്യാമശാസ്ത്രി, സ്വാതിതിരുനാൾ എന്നിവർക്ക് പൊതുവെ പറയേണ്ട വിശേഷപദം. ഇവരിൽ ആദ്യത്തേതായ പുരന്ദരദാസൻ ക്രി.പി. പതിനാറാം ശതകത്തിൽ കർണ്ണാടക ദേശത്ത് ജീവിച്ചിരുന്ന് കന്നടയിൽ അനേകം ഗാനങ്ങൾ നിർമിച്ച് 'കർണ്ണാടകസംഗീത പിതാമഹൻ' എന്ന ബിരുദനാമത്താൽ അറിയപ്പെടുകയും ചെയ്യുന്ന വ്യക്തിയാണ്. മറ്റുനാലുപേർ സമകാലീനന്മാരും ക്രി.പി. 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 19-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിലുമായി ജീവിച്ചിരുന്നവരുമാണ്. ആദ്യത്തെ മൂന്നു പേർ സംഗീതത്രിമൂർത്തികൾ എന്നറിയപ്പെടുന്നവരും തഞ്ചാവൂർ ജില്ലയിൽ ജനിച്ച് അവിടം പ്രവർത്തനകേന്ദ്രമാക്കിയവരുമാണ്. അവസാനത്തെ വ്യക്തിയായ 'സ്വാതിതിരുനാൾ'തിരുവിതാംകൂർ ഭരിച്ചിരുന്ന രാജാവും. അദ്ദേഹത്തെ ഉദ്ദേശിച്ചാണ് ഈ ഉപന്യാസം തയ്യാറാക്കുന്നത്.

സ്വാതിതിരുനാൾ മഹരാജാവിനെക്കുറിച്ചെഴുതുമ്പോൾ വേണാടിന്റെ ചരിത്രപാശ്ചാത്തലം കൂടിഉൾക്കൊള്ളിച്ചാലെ എഴുതുന്നവന്റെ ഉദ്യമം പൂർത്തിയാകുകയുള്ളൂ. ഞാനൊരു ചരിത്രാന്വേഷിയല്ലാത്തതിനാൽ പ്രസ്തുത സംരംഭം അർത്ഥശൂന്യമായേക്കാമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് പ്രവേശിക്കുന്നില്ല. എന്നിരുന്നാലും ചെറിയൊരു പരാമർശം ആവശ്യമാണെന്നു തോന്നുന്നു. വേണാട്ടിൽ ഭരണം നടത്തിയിട്ടുള്ള ഭൂരിപക്ഷം രാജാക്കന്മാരും കലാപോക്ഷണം ചെയ്തുപോന്നവരാണ്. പലനാട്ടുരാജ്യങ്ങളേയും വെട്ടിപ്പിടിച്ച് വേണാട്ടിൽ ചേർത്ത് തിരുവിതാംകൂർ രാജ്യം വിപുലീകരിച്ച 'വീരമാർത്തണ്ടവർമ്മ'യുടെ കാലം മുതൽ വിവിധ കലകളേയും, കലാകാരന്മാരേയും പ്രോത്സാഹിപ്പിയ്ക്കുകയെന്നത് ഭരണച്ചുമതലയുടെ ഭാഗമെന്നോണം അവർ വിശ്വസിച്ചു. അദ്ദേഹത്തെ തുടർന്ന് രാജ്യം ഭരിച്ച കാർത്തികതിരുനാൾ രാമവർമ്മ ഒരു സംസ്കൃത പണ്ഡിതനും, മറ്റനേകം ഭാഷകളിൽ പരിചയം ആർജ്ജിച്ചിരുന്ന വ്യക്തിയുമായിരുന്നു. സർവലക്ഷണങ്ങളും ഒത്തിണങ്ങിയ ആറാട്ടകഥകളും, നരകാസുരവധം ആട്ടകഥയുടെ പ്രഥമ ഭാഗവും ഇദ്ദേഹം രചിച്ചിട്ടുണ്ട്. മാത്രമല്ല, സംഗീതത്തിലും നാട്യത്തിലും അവിടുന്നുനേടിയിരുന്ന അവഗാഹത്തെ തെളിയിക്കുവാൻ പോന്നതാണ് അദ്ദേഹം രചിച്ച 'ബാലരാമഭാരതം' എന്ന

വിശിഷ്ട നാട്യശാസ്ത്രഗ്രന്ഥം. രാജ്യഭാരം വഹിക്കാനിടവരാത്ത അശ്വതിതിരുനാളും ഈ അവസരത്തിൽ വിലയിരുത്തപ്പെടേണ്ട മുഖ്യ വ്യക്തികളിൽ ഒരാളാണ്.

എന്നാൽ മേൽപറഞ്ഞ എല്ലവരെക്കാളും കൂടുതൽ തിരുവിതാംകൂർ രാജവംശത്തിൽ നമുക്ക് സകലവിധത്തിലും സമാരാധ്യനായവ്യക്തി 'ഗർഭശ്രീമാൻ' എന്ന വിശേഷനാമത്താൽ പ്രകീർത്തിയ്ക്കപ്പെട്ടിരുന്ന സ്വാതിതിരുനാൾ മഹാരാജാവാണ്. മുഖവുരയെന്നോണം തിരുവിതാംകൂർ രാജവംശചരിത്രത്തെ ഇത്രയും ചുരുക്കി പരാമർശിച്ചുകൊണ്ട് ഞാൻ കഥാപുരുഷന്റെ ജീവിത ചരിത്രത്തിലേക്ക് കടക്കുകയാണ്.

കാർത്തികതിരുനാളിന്റെ രാജവാഴ്ചകാലത്ത് അതായത് 1789-ൽ കോലത്തുനാട്ടിൽനിന്നും തിരുവിതാംകൂറിലേക്ക് ദത്തെടുത്ത ഭണിതിരുനാൾ റാണിയുടെ മൂത്തമകൾ ഗൗരിലക്ഷ്മീഭായിയുടെയും ചങ്ങനാശ്ശേരി രാജരാജവർമ്മ കൊയിത്തമ്പുരാന്റേയും രണ്ടാമത്തെ സന്താനമായി 1813 ഏപ്രിൽ 16-ന് ജനിച്ചരാജകുമാരനാണ് സ്വാതിതിരുനാൾ. ഇരയിമ്മൻ തമ്പിയുടെ 'ഓമനത്തിങ്കൾ കിടാവോ' എന്ന താരാട്ട് ഈ രാജകുമാരന്റെ പിറവിയെ ഉദ്ദേശിച്ചാണെന്ന് പ്രബലമായൊരു വിശ്വാസം നിലവിലുണ്ട്.രുക്മിണിഭായി ജ്യേഷ്ഠ സഹോദരിയും, ഉത്രം തിരുനാൾ ഇളയ സഃഒദരനുമായിരുന്നു. 1811-ാം മാണ്ടുമുതൽ രാജ്യം ഭരിയ്ക്കാൻ പുരുഷ പ്രജകളില്ലാതിരുന്നതിനാൽ റാണി ഗൗരീലക്ഷ്മിഭായിയായിരുന്നു രാജ്യഭാരം നിർവഹിച്ചിരുന്നത്. 1815-ൽ പ്രസവാലസ്യത്തെതുടർന്ന് അവർ മൃതിയടഞ്ഞപ്പോൾ അവ്വരുടെ ഇളയ സഹോദരി ഗൗരിപാർവതീഭായി രാജ്യഭാരവും, കുട്ടികളുടെ സംരക്ഷണ ചുമതലയും ഏറ്റെടുത്തു.

ബാല്യത്തിൽത്തന്നെ അസ്സാമാന്യബുദ്ധിവൈഭവം പ്രകടിപ്പിയ്ക്കുവാൻ തുടങ്ങിയ രാജകുമാരന് കിട്ടിയ വിദ്യാഭ്യാസവും അതിനോടു യോജിച്ചു പോകുവാൻ തക്കതായിരുന്നു. അദ്ദേഹത്തിന്റെ അന്ന്യദൃശസിദ്ധികളേയും, പ്രതിഭാവിലാസത്തേയും വേണ്ടവഴിക്ക് തിരിക്കുന്നതിന് നാനാശാസ്ത്രവിശാരദനായ പിതാവും, ചിറ്റമ്മയും എന്നുവേണ്ട അവരുടെ ഉപദേഷ്ടാക്കളും കൂടിയാലോചിച്ച് ബഹുഭാഷാ പഠനം കുമാരന് അത്യന്താപേക്ഷിതമെന്ന് തീരുമാനിച്ചു. അക്കാലത്തെ സംസ്കൃതപണ്ഡിതരിൽ അഗ്രേസരനായിരുന്ന ഹരിപ്പാട് കൊച്ചുപിള്ള വാരിയർ കുമാരനെ തർക്കം, വ്യാകരണം, അലങ്കാരം, കാവ്യനാടകാദികൾ തുടങ്ങിയവ പഠിപ്പിച്ചു. കുറഞ്ഞകാലത്തിനുള്ളിൽ സംസ്കൃതം അനായാസേന കൈകാര്യം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു.മലയാളം, തെലുങ്ക്, തമിഴ്, കർണ്ണാടകം, മറാഠി, ഹിന്ദി, ആംഗലേയം (ഇംഗ്ലിഷ്), അറബി, ഉർദ്ദു മുതലായ ഭ്ഹഷകളിൽ അദ്ദേഹം പാണ്ഡിത്യം നേടിയിരുന്നു. സ്വാതിതിരുനാളിന്റെ സമകാലികനെന്ന് വിശ്വസിയ്ക്കപ്പെടുന്ന അജ്ഞാതനാമാവായ ഒരു കവി രചിച്ച 'രാമവർമ്മ വിജയചമ്പു' എന്ന ഗ്രന്ഥത്തിൽ 'അഷ്ടാദശഭാഷാസുകവനം ച കരോതിയ' എന്ന ശ്ലോകാർദ്ധത്തിൽ സ്വാതിതിരുനാളിന് പതിനെട്ടു ഭാഷകളിൽ കവനം ചെയ്യാൻ സാധിച്ചിരുന്നുവെന്ന് കാണുന്നുണ്ട്. കാവ്യം പൂർണ്ണമായി കിട്ടിയിട്ടില്ല.

സ്വതവേബുദ്ധിമാനായിരുന്ന കുമാരന് വേണ്ടവിദ്യാഭ്യാസം തക്കസമയത്ത് ലഭിച്ചപ്പോൾ അദ്ദേഹം ഒരു വിജ്ഞാന ഭണ്ഡാരമായിമാറി. ജനിച്ചവർഷം ആഗസ്റ്റ് മാസം 29-ാം തിയതി നാലുമാസം പ്രായമായിരിയ്ക്കേ കുമാരൻ രാജാവായി പ്രഖ്യാപിക്കപെട്ടു. ഭാഷകൾ പഠിക്കുന്നതിനു പുറമെ വിവിധ കലാഭിരുചിയും ബല്യത്തിലെ കുമാരൻ പ്രകടിപ്പിച്ചിരുന്നു. ഇംഗ്ലിഷ് അദ്ധ്യാപകനായി തഞ്ചാവൂരിൽ നിന്നുവരുത്തപ്പെട്ട ശേഷപണ്ഡിതർ സുബ്ബരായർ ഇംഗ്ലിഷിനു പുറമെ അദ്ദേഹത്ത്തിന്റെ മാതൃഭാഷയായ മറാത്തിയും, കർണ്ണാടക സംഗീതത്തിന്റേയും ഹിന്ദുസ്ഥാനിസംഗീതത്തിന്റെയും ബാലപാഠങ്ങൾ കുമാരനെ പഠിപ്പിച്ചു. സ്വരബിത്ത് എന്ന ഉത്തരേന്ത്യൻ വാദ്യോപകരണവും ഇദ്ദേഹം കുമാരനെ പഠിപ്പിഹ്ചതായിക്കാണുന്നു. സ്വാതിതിരുനാളിന്റെ ഗുരുക്കന്മാരിൽ പ്രഥമഗണനീയൻ തഞ്ചാവൂരിൽ നിന്നും വന്ന മഹാരാഷ്ട്ര ബ്രാഹ്മണനൻ മേരുസ്വാമി എന്ന ഹരികഥാകലാക്ഷേപകനായിരുന്നു. കൊട്ടാരത്തിലെ കലാകാരന്മാരിൽ ഏറ്റവും കൂടുതൽ ശബളം കൊടുത്തിരുന്നത് ഇദ്ദേഹത്തിനായിരുന്നു. ഹരികഥയിലും, ഹിന്ദുസ്ഥാനിസംഗീതത്തിലും ഉന്നതസ്ഥാനം സ്വാതിതിരുനാളിന് കരതലമായത് ഇദ്ദേഹത്തിന്റെ ശിക്ഷണം മുഖേനയാണ്. മേരുസ്വാമിയെ സ്വാതിതിരുനാളിന്റെ പിന്തുടർച്ചക്കാരും ഒരു കുലഗുരുവായി ആരാധിച്ചു പോന്നിരുന്നു.

മേൽസൂചിപ്പിച്ചവയ്ക്കുപുറമേ ഭരതനാട്യവും, വീണ മുതലായ വാദ്യോപകരണങ്ങളും സ്വാതിതിരുനാൾ അഭ്യസിച്ചിരുന്നു. കൗമാരമാകും മുമ്പ് പലകലകളും ഭാഷകളും പഠിച്ച് കുശാഗ്രബുദ്ധിമാനായിരിയ്ക്കേ, 16-മത്തെ വയസിൽ (1829-ൽ) സ്വാതിതിരുനാൾ സ്ഥാനാരോഹണം ചെയ്യപ്പെട്ടു. ഭരണവിഷയത്തിൽ അദ്ദേഹം സ്വന്തമായൊരു ശൈലി കെട്ടിയുറപ്പിച്ചു. അദ്ദേഹത്തിന്റെ സ്വഭാവവിശേഷതകളിൽ മുന്നിട്ടു നിന്നിരുന്നത് അഭിപ്രായദാർഢ്യമായിരുന്നു. താൻ നിശ്ചയിക്കുന്നതെന്തും ഒരണുപോലും തെറ്റാതെ നടക്കണമെന്ന ദൃഢനിശ്ചയം അദ്ദേഹത്തിനുണ്ടായിരുന്നതിന് ദൃഷ്ടാന്തങ്ങളായി അനേകം സംഭവങ്ങൾ നടന്നിട്ടുണ്ട്. ഒന്നുമാത്രംചുരുക്കിവിവരിക്കാം. സോമയാഗം കഴിച്ച് സോമയാജിയാകുന്നവർക്ക് തിരുവിതാംകൂർ രാജകുടുംബത്തിൽനിന്ന് വർഷംതോറും ഓരോപണക്കിഴി 'തിരുബലി' തുടങ്ങിയ അടിയന്തിരങ്ങളിൽ കൊടുത്തുവരാറുണ്ട്. അങ്ങിനെ അവകാശം പറ്റിവരുന്നവർ ആരെങ്കിലും മരിച്ചാൽ ആ വിവരം രാജാവിനെ ആദ്യം അറിയിക്കുന്ന ആളുടെകുടുംബത്തേയ്ക്ക് മരിച്ചവ്യക്തിയ്ക്കവകാശപ്പെട്ട കിഴികൂടെ പതിച്ചുകൊടുക്കുക പതിവാണ്. വീഴില്ലം പറയുകയെന്ന ഈ പ്രക്രിയക്ക് സമയം നോക്കേണ്ടതില്ല. ഒരിക്കൽ ഒരുനമ്പൂതിരി മരിച്ചവിവരം അറിയിക്കാൻ രണ്ടുപേർ ഒപ്പം യാത്രയായി. ഒരേസമയം രണ്ടുവള്ളങ്ങളിൽ അവർ മറുകരയെത്തി. അപ്പോൾ ഒരാൾ ചാടിയിറങ്ങി മറ്റേവള്ളം പിടിച്ച് വെള്ളത്തിലേക്ക് തള്ളിവിട്ടിട്ട് ഓടി നാടുവാണിരുന്ന റാണിയെക്കണ്ട് കാര്യംസാധിച്ചു. മറ്റേനമ്പൂതിരി വിഷണ്ണനായി കൊട്ടാരമുറ്റത്തെത്തിയപ്പോൾ സമപ്രായക്കാരായ മറ്റുണ്ണികളോടൊപ്പം കളിച്ചുകൊണ്ടിരുന്ന രാജകുമാരൻ അദ്ദേഹത്തിന്റെ വിഷാദകാരണം ആരാഞ്ഞു. നമ്പൂരി കാര്യങ്ങളെല്ലാം ഉണർത്തിച്ചപ്പോൾ, ആട്ടെ, കാര്യങ്ങൾക്കൊക്കെ പരിഹാരമുണ്ടാക്കാം, പോയി കുളിയും തേവാരവുമൊക്കെ കഴിച്ചുവരു, എന്ന് കൽപനയുണ്ടായി.രാജകുമാരൻ വിവരം പകടശാലയിലേക്ക് (സെക്രട്ടറിയേറ്റ്) എഴുതി അറിയിച്ചപ്പോൾ ചിറ്റമ്മ വിഷമത്തിലായി. അവർ അതിനുമുമ്പ് താനം അറ്റേനമ്പൂതിരിയുടെ പേരിൽ പതിച്ചിരുന്നതുകോണ്ട് തിരുത്താൻ പറ്റാത്ത നിലവന്നു. അവർ കുമാരനെ വിളിപ്പിച്ച് ദീർഘമായി ചർച്ചചെയ്യെങ്കിലും ഫലമുണ്ടായില്ല. അവസാനം കുമാരൻ കൽപിക്കുന്നതെന്തും എനിയ്ക്ക് സമ്മതമാണെന്ന് അറിയിച്ചു. കുമാരന്റെ നിർദ്ദേശപ്രകാരം ഇപ്പോൾ ഒരാളുടെ പേരിലുള്ളത് രണ്ടുപേർക്കുമായി ഒന്നുപകുതിവീതം പതിച്ച് കൊടുക്കുകയും ഒരാളുടെ മരണശേഷം അദ്ദേഹത്തിന്റെ പകുതി കൂടി ജീവിച്ചിരിക്കുന്നയാളുടെ പേരിൽ അക്കാമെന്നും നിശ്ചയിക്കുകയും ചെയ്തു.

മുൻഗാമികളായിരുന്ന തിരുവിതാംകൂർ രാജാക്കന്മാരെയെല്ലാം വെല്ലുവാൻ പോന്ന പല പരിഷ്കാരങ്ങളും അദ്ദേഹം രാജ്യത്ത് നടപ്പിലാക്കി. നീതിശാസ്ത്രവിശാരദനായ തിരുവള്ളൂർ അദ്ദേഹത്തിന്റെ 'തിരുക്കുറൽ'എന്ന ഗ്രന്ഥത്തിൽ ഒരുത്തമരാജാവിനുണ്ടായിരിക്കേണ്ട മഹിമകളെന്തെല്ലാമെന്ന് വർണ്ണിക്കുന്നതു നോക്കുക.

'രാഷ്ട്രവും സൈന്യവും, കോശം മിത്രവും സവിചനുമ്<br>
കോട്ടയുമുള്ളോനത്രെ മന്നനെന്നറിയേണം.<br>
ധീരത,ദാനം,ജ്ഞാന,മുത്സാഹമിവനാലും<br>
ചേരണം തെറ്റാതെകണ്ടുർവരാപാലന്മാരിൽ<br>
ജാഗ്രത, വിദ്യാദാനം പൗരുഷമെന്നീമൂന്നും<br>
യോഗ്യരാം നൃപാലന്മാർക്കെപ്പോഴുമുണ്ടാകേണം.'<br>
(തർജ്ജിമ : വെണ്ണിക്കുളം).

സ്വാതിതിരുനാളിനെ സംബന്ധിച്ചിടത്തോളം മേൽവിവരിച്ച സകലയോഗ്യതകൾക്കും പുറമെ കവിത്വം, സംഗീതനൃത്യാതികളിൽ പരിജ്ഞാനം, വിദ്വജന പ്രോത്സാഹന വ്യഗ്രത തുടങ്ങിയവകൊണ്ട് അദ്ദേഹത്തിന്റെ രാജമഹിമ ദ്വിഗുണീഭവിക്കുകകൂടിചെയ്യുന്നുണ്ട്.

രജ്യഭരണസംബന്ധമായ കാര്യങ്ങളെല്ലാം മന്ത്രിമാരേയും മേലുദ്യോഗസ്ഥന്മാരെയും മറ്റും ഏൽപിച്ച് കൊട്ടാരത്തിലെ സുഖാനുഭൂതിയിൽ മുങ്ങി ജീവിതം നയിച്ചുപോന്നിരുന്ന ഭാരതത്തിലെ ഇതര നാട്ടു ഭരണാധികാരികളെ പിൻതുടരാൻ സ്വാതിതിരുന്നാളിന്റെ വിശിഷ്ട വ്യക്തിത്വം അനുവദിച്ചില്ല. ദൈനംദിന ഭരണ കാര്യങ്ങൾ അതാതുദിവസങ്ങളിൽ താൻ തന്നെ വേണ്ടപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി കൂടിയാലോചിച്ച് നടപടികൾ

എടുക്കുകയെന്ന നയം മുഖ്യമായി അദ്ദേഹം നടപ്പിൽവരുത്തി. ഓരോരോകര്യങ്ങൾക്കും പ്രത്യേകംപ്രത്യേകം സമയവും സ്ഥലവും നിശ്ചയിച്ചുറപ്പിച്ചു. കണ്ടെഴുത്ത് (ലാന്റ് സർവെ), പാശ്ചാത്യ ചികിത്സാ സമ്പ്രദായം മുതലായവ നടപ്പിൽവരുത്തുക; റോട്ടുകൾ, പാലങ്ങൾ, അണക്കെട്ടുകൾ എന്നിവനിർമിയ്ക്കുക; ക്ഷീരവികസനം, ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കുക; വാണിജ്യാഭിവൃത്തിക്കുവേണ്ടി സ്വീകരിച്ച പുതിയനയം; അനാചാരങ്ങൾ, അഴിമതികൾ തുടങ്ങിയവ നിർത്തലാക്കുക; ആദ്യത്തെ പബ്ലിക് ലൈബ്രറി സ്ഥാപിയ്ക്കുക; തെന്നിന്ത്യയിലെ പ്രഥമ നക്ഷത്രകേന്ദ്രം സ്ഥാപിയ്ക്കുക മുതലായവ അദ്ദേഹത്തിന്റെ ഭരണകാലത്തെ നേട്ടങ്ങളിൽ ചിലതാണ്. ജനങ്ങളുടെ താൽപര്യത്തിനു നിരക്കുന്ന ഭരണം നടപ്പിലാക്കാൻ അദ്ദേഹത്തിന്റെ കൂടെനിന്ന് പ്രവർത്തിച്ചവർ നിരവധിയാണ്. ചിറ്റമ്മയും പിതാവും കൂടാതെ അവരിൽ പ്രധാനികളായചിലരെ മാത്രം പ്രസ്താവിയ്ക്കാം. ഒന്നാമതായി അദ്ദേഹത്തിന്റെ ഗുരുനാഥനും പിന്നീട്തിരുവിതാംകൂർ ദിവാനുമായിത്തീർന്ന സുബ്ബരായരെയാണ് പരാമർശിക്കേണ്ടത്. പലവിശിഷ്ടവ്യക്തിത്വങ്ങളും കരഗത മായിരുന്ന രായർ രാജാവിന്റെ വിശ്വസ്ഥ ഉപദേഷ്ടാവയിരുന്നു. നീതിന്യായനിർവഹണം ഫലപ്രാപ്തിയിൽ വരുത്തുന്നതിനുള്ള കോടതിസംവിധാനം ആവശ്യമായിവന്നതുകൊണ്ട് ആവിഷയത്തിൽ വിദഗ്ധനായിരുന്ന കണ്ടർമേനോനെ വരുത്തി സാധരണക്കാർക്ക് നീതിലഭിക്കുന്നതിന് ചെറുകിടകോടതികളും; വിവിധ ആവശ്യങ്ങൾക്കുപകരിക്കും പ്രകാരമുള്ള 'നിയമ സംഹിത' രൂപവൽക്കരിക്കുന്നതിനും ഏർപ്പാടുചെയ്തു. അതിലേക്കായി മേനോന്റെ അദ്ധ്യക്ഷതയിൽ ഒരുസമിതി നിയമിക്കുകയും ആ സമിതി താമസിയാതെ ഒരു സംഹിതക്ക് രൂപം നൽകുകയും ചെയ്തു. മൂന്നാമതായി പറയേണ്ടത് ശങ്കരനാഥജ്യോത്സ്യരെയാണ്. ഇദ്ദേഹം അഖിലഭാരത പ്രശസ്തിയാർജ്ജിച്ചിരുന്ന ഒരുവ്യക്തിമാത്രമല്ലാ, പഞ്ചാബിലെ മഹാരാജാ രഞ്ജിത്സിങ്ങിന്റെ(1789-1858) വിശ്വസ്ഥമന്ത്രിയുമായിരുന്നു. ഇദ്ദേഹത്തെ തിരുവനന്തപുരത്തുവരുത്തി സ്വാതിതിരുനാൾ പലസ്ഥാനമാനങ്ങളും നൽകി ആദരിച്ചു. സ്വാതിതിരുനാളിന്റെ 16 കൊല്ലത്തെ രാജ്യഭരണം കൊണ്ട് ആധുനിക കേരലത്തിനുണ്ടായിട്ടുള്ള നേട്ടങ്ങൾ അനവധിയാണ്. കലാപോഷണത്തിന് സ്വാതിതിരുനാൾ ചെയ്തിട്ടുള്ള സംഭാവനകളെക്കുറിച്ച് ചർച്ചചെയ്യുകയെന്നതാണ് നമ്മുടെ മുഖ്യ ഉദ്ദേശം. മുപ്പത്തിനാലുകൊല്ലത്തെ ജീവിതംകൊണ്ട് ഒരുവ്യക്തിക്ക് ഇന്നത്തെ ഇലക്ട്രോണിക്ക് യുഗത്തിൽ പോലും ഒന്നും ചെയ്തുതീർക്കാൻ പറ്റാത്തവിധത്തിലാണ് കാണുന്നത്. ഇന്നത്തെ അനുകൂലസാഹചര്യങ്ങളും ഒന്നരനൂറ്റാണ്ടു മുമ്പുള്ള പരിതസ്ഥിതികളും തമ്മിൽ തുലനം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ സംഭാവനകൾ അമാനുഷികം എന്നുതന്നെ വിശേഷിപ്പിക്കേണ്ടിവരും. സ്വാതിതിരുനാളിന്റെ വ്യക്തിത്വത്തിൽ സർവോന്നതമായിരിക്കുന്ന പ്രതിഭ വാഗ്ഗേയകാരന്റേതാണ്. ഭാരതീയസംഗീതലോകത്ത് നമുക്കിന്ന് ലബ്ധമായിട്ടുള്ളതും പ്രചാരത്തിലിരിക്കുന്നതറ്റുമായ ഗാനങ്ങളുടെ രചയിതാക്കളിൽ നാം കണ്ടുമുട്ടുന്ന ഏറ്റവും പ്രാചീനനായ വാഗ്ഗേയകാരൻ ഗീതഗോവിന്ദകർത്താവയ ജയദേവരാണ്. ക്രി.പി. പന്ത്രണ്ടാം ശതകമാണ് അദ്ദേഹത്തിന്റെ ജീവിതകാലമെന്ന് പറയപ്പെടുന്നു. അന്നുതൊട്ടവതാരംചെയ്തസകലവാഗ്ഗേയകാരന്മാരും ഒന്നുകിൽ ഹിന്ദുസ്ഥാനി ശൈലിയിൽ അല്ലെങ്കിൽ കർണ്ണാടകശൈലിയിൽ മാത്രം കൃതികൾ രചിച്ചവരാണ്. രണ്ടും ഒരേപോലെ കൈകാര്യം ചെയ്തവർ ആരുംതന്നെയില്ല. രണ്ടുപദ്ധതികളിലും ഒരേപോലെ സഞ്ചരിച്ച് അവയ്ക്ക് അനർഘങ്ങളായ സംഭാവനകൾ നൽകിയ ഏകവ്യക്തി സ്വാതിതിരുനാളാണ്. അദ്ദേഹത്തിന്റെ കാലത്ത് ഔത്തരാഹസംഗീതവും ദാക്ഷിണാത്യസംഗീതവും തിരുവിതാംകൂറിൽ അഹമഹമികയാ സമ്മേളിച്ചിരുന്നതായി കാണാം. കർണ്ണാടകസംഗീതം, സോപാനസംഗീതം, ഹിന്ദുസ്ഥാനിസംഗീതം, ഭരതനാട്യം, കഥക്, മയിലാട്ടം, തുള്ളൽ, മോഹിനിയാട്ടം, ഹരികഥകലാക്ഷേപം, ചിത്രമെഴുത്ത് തുടങ്ങിയ എല്ലാ കലകളും അദ്ദേഹത്തിന്റെ പോഷണത്തിന് വിഷയീഭവിച്ചിട്ടുണ്ട്. വിസ്മൃതിയിലാണ്ടുപോയിതുടങ്ങിയ മോഹിനിയാട്ടത്തെ പരിഷ്കരിച്ച് ഉന്നതകലാരൂപമാക്കിമാറ്റിയത് അദ്ദേഹമാണ്.

ഭാരതീയസംഗീതത്തിന് സ്വാതിതിരുനാളിന്റെ സംഭാവനകളെക്കുറിച്ച് അടുത്തതായി ചിന്തിയ്ക്കാം. ആദ്യമായി ഉത്തരേന്ത്യൻ സമ്പ്രദായത്തെയെടുക്കാം. ഹിന്ദിയുടെ ഒരു പ്രാചീനരൂപമായ 'വ്രജഭാഷ'യിലാണ് അദ്ദേഹം കൃതികൾ രചിച്ചിരിക്കുന്നത്. ഇതിൽ പേർഷ്യൻ, അറബി, സംസ്കൃതം മുതലായഭാഷകൾ ചേർന്ന് ഒരു പ്രത്യേക ശൈലിയിൽ പ്രചരിച്ചുവന്ന ഭാഷയാണ് 'ദക്ക്ഖിനി' ഹൈദരാബാദ് കേന്ദ്രമാക്കിപ്രചരിച്ചുവന്ന 'ദക്ക്ഖിനി' ദക്ഷിണ ഭാരതത്തിലെ മിക്ക മുസ്ലീം കുടുംബങ്ങളിലേയും സംഭാഷണ ഭാഷകൂടിയാണ്. സ്വാതിതിരുനാളിന്റെ ഹിന്ദുസ്ഥാനികൃതികളിൽ ഈ ഭാഷ ഉപയോഗിച്ചിരിയ്ക്കുന്നു. കൃതികളെല്ലാം സ്തോത്ര രൂപത്തിലുള്ളവയാണ്. ഹിന്ദുസ്ഥാനി സമ്പ്രദായത്തിലുള്ള മിയ്ക്ക വകഭേദങ്ങളിലും അദ്ദേഹത്തിന്റെ കൃതികൾ കാണാം. ധ്രുപദ്, ഠപ്പ, ഖ്യാൽ,

ഭജൻ, തരാന മുതലായ ഗാനരൂപങ്ങളിലായി 38 ഗാനങ്ങൾ ഉണ്ട്. ഗായകന്റെ ഗാനപാടവത്തെ വിലയിരുത്തുന്നത് ധ്രുപദ്, ഖ്യാൽ എന്നിവപാടുന്നതിലുള്ള സാമർത്ഥ്യത്തെ മുൻനിർത്തിയാണ്. സ്വാതിതിരുനാൾ കൃതികളിൽ മുമ്പിൽ നിൽക്കുന്നത് 'ഖ്യാൽ' എന്ന ഗാനരൂപങ്ങളാണ്. 15 എണ്ണം ഈ ഇനത്തിൽപ്പെടുന്നു. അടുത്തസ്ഥാനം പത്തോളം വരുന്ന 'ധ്രുപതി'നാകുന്നു. ഭജൻ ഒൻപതും, ഠപ്പ മൂന്നും, തരാന ഒന്നും ഇവകളിൽക്കാണാം.

ഖ്യാൽ എന്നഗാനരൂപം പണ്ഡിതന്മാർക്കും പാമരന്മാർക്കും ഒന്നുപോലെ ആസ്വദിക്കാനുതകുംവിധം സാഹിത്യത്തിനുംകൂടിസ്ഥാനം കൊടുത്തുകൊണ്ടുള്ള രചനകളാണ്. താനത്തിന് പ്രാധാന്യം കൊടുക്കുകയും, ശീഘ്രഗതിയിലുള്ള രാഗച്ഛായാവിഷ്കരണവും ഇതിലെ മുഖ്യഘടകങ്ങളാണ്. സ്വാതിതിരുനാളിന്റെ രചനകൾ മിക്കതും പാട്ടുകാർക്കും നർത്തകർക്കും ഒരുപോലെ ഉപയോഗപ്പെടുന്നവയായതുകോണ്ട് അവകളിൽ 'ജതി'കൾ അഥവാ 'ബോല്യ'കൾ ഘടിപ്പിച്ചിരിക്കുന്നതുകാണാം. യമൻകല്യാൺ രാഗത്തിലും ചൗതാളത്തിലുമുള്ള 'ആജ്ഞ ആയേ ശ്യാം' എന്ന ഖ്യാലിൽ,

'ആജ്ഞ ആയേ ശ്യാമമോഹൻ
രാസ മണ്ഡല ലേഖനേ!!
ബാംസൂരീ കീ ധുൻ മേലാഗേ തന തനന നതോം തതോം!
ബാജേ താല മൃദംഗ് കീ ധുൻ ധൃകുട തകിട തക ധൃ കുട ത തോം!!
നാച് രഹേ ഗോരി താന ധൈയാ ധൈത് ധൈ തൈ തകരി തോം!
ബാജേ പായല് ച്ഛാംച്ഛന നനന ഝനന നനന തനന തോം!!
താന ഗാവോം തകദീം തദി ധിരകത തക തോം
ന ധോം വീം തകിട!
തകധീം ന കിടതക ധീം തകിട തക തക ത ധോം!!
എന്നും, 'നാച്ചേ രഘുനാഥ് രംഗ്' എന്ന ധന്യാസി കൃതിയിൽ,

ഝനക ഝനക് കനക തോം തതാരി തന തനാരി!
ധൃകിട ധൃകിട ധാ ധിലംകമധുര ധുൻ ബജാവേ!!
ഥിരക ഥിരക ധൈ ധൈദീം, തഥീം ത തകഥ ധൈ!
ധൃകിട ധീം ധൃകിട ധീം തധീം ന താന സുർ മിലാവേ!!

എന്നും നൃത്യോപയോഗത്തിനുതകുന്ന 'ബോല്യ'കൾ കാണാം.

ഹിന്ദുസ്ഥാനി സംഗീതത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഗാനരൂപം 'ധ്രുപദ്' ആകുന്നു.'ഹോറി' എന്നതും ഒരുതരം ധ്രുപദ് തന്നെയാണ്. പതിനാല് മാത്രകളുള്ള 'ധമാർ' താളം മാത്രം ഇതിലുപയോഗിക്കുന്നതുകൊണ്ട് 'ധമാർ' എന്നുതന്നെ ഇതിനെ പറഞ്ഞുവരുന്നു. കർണ്ണാടകസംഗീതത്തിലെ കൃതിക്ക് തുല്യമാണ് ധ്രുപദ്. സ്ഥായി, അന്തരാ, സഞ്ചാരി, ആഭോഗ് എന്നീ നാലംഗങ്ങളായി തിരിച്ച് ആലാപനം മുഖ്യമായി നിർവഹിക്കുന്നു. സാഹിത്യത്തിന് പറയത്തക്ക പ്രാധാന്യമില്ല. ധ്രുപദ് പാടുന്നതിൽ പ്രാഗത്ഭ്യം സിദ്ധിച്ചുകഴിഞ്ഞാലെ ഒരു യോഗ്യനായ ഹിന്ദുസ്ഥാനിഗായകനായിത്തീരുകയുള്ളൂ എന്നു പറഞ്ഞാൽ തെറ്റില്ല. സ്വാതിതിരുനാൾ രചിച്ച പത്ത് ധ്രുപദ്കളും ലളിതമായ ഭാഷയിൽ വിരചിതമാണ്. പാടിക്കേൾക്കാൻ വളരെ രസമുള്ളവയുമാണ്. സോഹനി, ദീപ്, ബീഭാസ്, മല്ലാർ, മണിരംഗ്, യമൻ, സാരംഗ്, ഹിന്ദോൾ, ആഠാണ, ശ്യാം എന്നീ രാഗങ്ങൾ കോർത്തിണക്കി ഒരുരാഗമാല അദ്ദേഹം രചിക്കുകയുണ്ടായി. കാണുക. ഇതും ധ്രൂപദ് ഇനത്തിൽ പെട്ടതാണ്.

'സോഹനി സ്വരൂപ കാന്ത
മുഖ് തേജ് ദീപ് ചന്ദ-ചൽ ചാൽ നട് ബീഭാസ്
ശ്രീമല്ലാർ മന് മേം!! മണിരംഗ് ഗുണ മൂൽ പാൻ
യമൻ സോരസൂ കാൻഹഡോ

സ്വരൂപ് ലാഗേ സാരംഗ് മന് മേം!!
ഗുജഗീ ഹിന്ദോൾ ഝൂൽ - ജീമ്നേ ആഠണ ചൗസ്
തേരേമ് ഹീ സ്വരൂപ് ശ്യാം - പദ്മനാഭ് തൻ മേം!!

'കാനഡ' രാഗത്തിലുള്ള 'ദേവൻ കേ പതി ഇന്ദ്ര' വളരെ പ്രചാരമുള്ളതാണ്.

ദേവൻ കേ പതി ഇന്ദ്ര-
താരാ കേ പതി ചന്ദ്ര
വിദ്യാ കേ പതി ശ്രീഗണേശ് ദു:ഖ് ഭാരഹാരി!!
രാഗ്പതി കാനഡ, ബാജൻ കേ പതി ബീൻ (വീണ)
ഋതുപതി ഹായ് വസന്ത് രതിസുഖകാരി!!
മുനിജനപതി വ്യാസ്, പഞ്ചീപതി ഹംസ് ഹായ്
നരപതി രാമ് അപധബിഹാരി!!
ഗിരിപതി ഹിമാചൽ, ഭൂതൻ കേ പതി മഹേശ്
തീൻ ലോക് പതി ശ്രീപത്മനാഭ് ഗിരിധാരി!!.

സാധാരണക്കാർക്ക് മനസിലാക്കാവുന്ന ലളിതമായ ഭാഷയിലാണ് മേലുദ്ധരിച്ചിരിക്കുന്ന ഗാനങ്ങൾ രചിച്ചിരിക്കുന്നതെന്ന് കാണാൻ വിഷമമില്ല. സ്വാതിതിരുനാൾ ഒൻപത് 'ഭജൻ' രചിച്ചിട്ടുണ്ട്. ഈ ഇനത്തിൽപ്പെട്ടവയെല്ലാം പ്രചാരം നേടിയവയാണ്. സ്വരൂപം കാണിക്കാൻ ഒരെണ്ണം താഴെ ഉദ്ധരിക്കുന്നു.
ബജത ബധാ ഈ നഗരീരഘുരായി
സരജ്ജു തീരബിഗാരി രതിപതികേസമച്ചായി
ജനക സുതാ കേ സഹായി - പത്മനാഭ് മാരോ ശരണ-
ചരണ തു മാരോ - ഫണിവര കേ പരശായി.
(രാഗം : ഗൗരി-ആദി).

ജാവളിക്കു സമാനമാണ് 'ഠപ്പാ' എന്ന ഗാനരൂപം. അബ് തോ ബൈരാഗിൻ - ഖമാജ്; ആ ജി മേം തോ - പൂർവി; ഗോറി മത്മാരോ - ഝിംഝോടി തുടങ്ങിയ മൂന്നെണ്ണം സ്വാതിതിരുനാളിന്റേതായിട്ടുണ്ട്.

ശുദ്ധനൃത്തത്തിനുപയോഗിക്കത്തക്കവണ്ണം ജതികൾ രാഗതാളാദികളോട് ഇണക്കിനിർമ്മിക്കുന്ന ഗാനവിഭാഗമാണ് 'തില്ലാന'(കർണ്ണാടകം) അഥവാ 'തരാന(ഹിദുസ്ഥാനി) എന്നത്. ധനാശ്രീരാഗത്തിൽ സ്വാതിതിരുനാൾ രചിച്ച ഹിദുസ്ഥാനി തരാന (ഗീധു നടി കുട) വളരെ പ്രസിദ്ധമാണ്. സ്വാതിതിരുനാളിന്റെ ഹിന്ദുസ്ഥാനി ഗാനങ്ങൾക്ക് ഉത്തരേന്ത്യൻ ഗായകരുടെയിടയിലും പ്രചാരം വന്നുതുടങ്ങിയിട്ടുണ്ടെന്നുള്ളത് നമുക്കാനന്ദമുളവാക്കുന്ന സംഗതിയാണ്. സൂർദാസ്. മീരാഭായ്, തുക്കാരാം, സ്വാമിഹരിദാസ് മുതലായ ഹിന്ദി സാഹിത്യശിരോമണികളുടെ ഗാനങ്ങൾക്കൊപ്പം നിൽക്കാൻ കെൽപ്പുറ്റവയാണ് സ്വാതിയുടെ ഹിന്ദിഗാനങ്ങൾ എന്ന് സമ്മതിച്ചേ പറ്റൂ.

കർണ്ണാടകസംഗീത പദ്ധതിയിൽ പല്ലവി, അനുപല്ലവി, ചരണങ്ങൾ എന്നീ വിഭജനത്തോടുകൂടിയുള്ള കൃതികളുടെ ആവിർഭാവം പുരന്ദരദാസാന്റെ കാലത്തോടടുത്തായിരിക്കണം. ചില ആധുനീക സംഗീത ശാസ്ത്രകാരന്മാർ കൃതിയും കീർത്തനവും രണ്ടാണെന്നു സമർത്ഥിക്കാൻ ചിലനിയമങ്ങളൊക്കെ കൊണ്ടുവന്നിട്ടുണ്ട്. അവയൊന്നും അത്രകാര്യമാക്കേണ്ടതില്ല. പ്രയോഗസാദ്ധ്യത അവക്കില്ലെന്നതുതന്നെ മുഖ്യകാരണം. പുരന്ദരദാസന്റെ കാലം മുതൽക്ക് ആയിരമായിരം രചനകൾ ഓരോരെ വിഭാഗത്തിലായി കർണ്ണാടകസംഗീതത്തിന് പല വാഗ്ഗേയകാരന്മാരിൽ നിന്നും കിട്ടിയിട്ടുണ്ട്. എന്നാൽ ഇവരിലാരുംതന്നെ എല്ലാഗാനരൂപങ്ങളുമുൾക്കൊള്ളുന്ന കൃതികൾ രചിച്ചിട്ടില്ല. താനവർണ്ണം, ചൗക്കവർണ്ണം, ജാവളി, സ്വരജതി, കീർത്തനം, പദം, തില്ലാന എന്നീ രൂപഭേദങ്ങളിലെല്ലാം ഈടുറ്റ സംഭാവനകൾ നൽകിയവരിൽ ഒരു പരമോന്നത പദവിയെ അലങ്കരിച്ചിരുന്ന

വ്യക്തിയാണ് സ്വാത്ഗിതിരുനാൾ.
അദ്ദേഹത്തിന്റെ സമകാലികന്മാരായിരുന്ന ദാക്ഷിണഭാരതത്തിലെ പല പ്രഗത്ഭസംഗീതജ്ഞരും, ഭരതശാസ്ത്രകാരന്മാരും, വിദ്വൽമണികളും തിരുവനന്തപുരം കൊട്ടാരത്തെ അലങ്കരിച്ചിരുന്നു. ഷട്കാല ഗോവിന്ദമാരാർ, ഇരയിമ്മൻ തമ്പി, മേരുസ്വാമി, വടിവേലുസഹോദരന്മാർ, പരമേശ്വര ഭാഗവതർ, കന്നയ്യ ഭാഗവതർ, ക്ഷീരാബ്ധിശാസ്ത്രി എന്നിവർ അക്കൂട്ടത്തിലെ ചിലരാണ്. ഇങ്ങനെയുള്ള മഹാന്മാരുമായുണ്ടായ നിത്യസമ്പർക്കം നിമിത്തം സ്വാതിതിരുനാളിന് ലഭിച്ച നേട്ടങ്ങൾ നിരവധിയാണ്. അവയെ സമുചിതമാംവണ്ണം വിനിയോഗിക്കുകയും, തൽഫലമായി അദ്ദേഹം വിശിഷ്ടങ്ങളായ നാനൂറോളം കീർത്തനങ്ങൾ രചിച്ച് പാടി കുലദേവതയായ ശ്രീ പത്മനാഭന് അർപ്പിച്ചതാണ് കർണ്ണാടകസംഗീതലോകത്തിന് കിട്ടിയിട്ടുള്ള സ്വാതിതിരുനാൾ കീർത്തനങ്ങൾ.

അദ്ദേഹത്തിന്റെ സംഭാവനയായി ദാക്ഷിണാത്യ സംഗീത ശാഖക്ക് കിട്ടിയിട്ടുള്ളതിൽ 200 കീർത്തനങ്ങൾ; 65 പദങ്ങൾ, 23 വർണ്ണങ്ങൾ; 6 തില്ലാനകൾ; 6 സ്വരജതികൾ; രണ്ടു ജാവളികൾ എന്നിവ മുഖ്യങ്ങളാണ്. ബാക്കിയുള്ളവയെല്ലാം കാവ്യങ്ങളിൽ ഘടിപ്പിച്ചിരിക്കുന്നവയാണ്. 'വർണ്ണാന്തം വാഗ്ഗേയകാരത്വം'. വർണ്ണങ്ങൾ രചിക്കാനുള്ള കഴിവാണ് ഒരുത്തമ വാഗ്ഗേയകാരന്റെ മുഖ്യ ലക്ഷണം. വർണ്ണരചയിതാവെന്ന നിലയിൽ സ്വാതി സംഗീതലോകത്ത് അദ്വിതീയനാണ്. വർണ്ണങ്ങൾ താനവർണ്ണമെന്നും ചൗക്കവർണ്ണമെന്നും രണ്ടുവിധമുണ്ട്. താനവർണ്ണം കച്ചേരികൾ തുടങ്ങുമ്പോൾ പാടേണ്ടവയും പല്ലവി, അനുപല്ലവി, ചരണങ്ങൾ എന്നിവകളിൽ മാത്രം സാഹിത്യം ഉൾക്കൊണ്ടതും മദ്ധ്യകാലത്തിൽ ആലപിക്കേണ്ടതുമാണ്. സ്വാതിതിരുനാൾ രണ്ട് താനവർണ്ണങ്ങൾ രചിച്ചിട്ടുണ്ട്. തെലുങ്കിലുള്ള പ്രസ്തുത വർണ്ണങ്ങൾ സംഗീതലോകത്ത് നല്ല പ്രചാരം സിദ്ധിച്ചവയാണ്. 'സരസീജനാഭ' (കാംബോജി), 'ചലമേല' (ശങ്കരാഭരണം) എന്നിവയാണത്. ചൗക്കവർണ്ണത്തിന് പദവർണ്ണമെന്നും പേരുണ്ട്. എല്ലാ ഭാഗങ്ങൾക്കും സാഹിത്യമുണ്ടായിരിക്കും. വിളംബിതകാലത്തിൽ ആലപിക്കേണ്ടതും അഭിനയസാദ്ധ്യത വളരെയുള്ളതുകൊണ്ടും ഇവയെ നാട്യത്തിൽ ഉപയോഗിക്കുന്നു. സ്വാതിതിരുനാൾ ഇരുപത്തിയൊന്നു പദവർണ്ണങ്ങൾ രചിച്ചിട്ടുണ്ട്. 'ഇന്ദുമുഖി നിശമയ എന്നഴൽ നീ ശമയ' എന്ന ഒരു മണിപ്രവാളവർണ്ണമൊഴിച്ചാൽ ശേഷിച്ചതെല്ലാം സംസ്കൃതത്തിലാണ്. അദ്ദേഹത്തിന്റെ മുൻഗാമികളായ വർണ്ണരചയിതാക്കളിലാരും സംസ്കൃതത്തിൽ വർൻണങ്ങൾ രചിച്ചിട്ടില്ല. തെലുങ്കിൽ മാത്രമേ വർണ്ണരചനകൾ ക്ഷിപ്രസാദ്ധ്യമാകുകയുള്ളൂ എന്നൊരു മിഥ്യാബോധമാണിതിന് കാരണമെന്നുതോന്നുന്നു. എതായാലും ഈ വിഷയത്തിൽ അദ്ദേഹം മറ്റുള്ളവർക്കൊരു മാർഗ്ഗദർശിയായിരുന്നു. ശങ്കരാഭരണരാഗത്തിലും അടതാളത്തിലും രചിച്ച 'ഇന്ദുമുഖി' തന്നെ സ്വാതിതിരുനാളിന്റെ വർണ്ണരചനയിലുള്ള അപാരസിദ്ധിയെ തെളിയിക്കാൻ ഉദാഹരണമായി താഴെ ചേർക്കുന്നു. പ്രസ്തുത കൃതി മണിപ്രവാളസാഹിത്യത്തിന്റെ മുതൽക്കൂട്ടുകൂടിയാണ്.

പ: ഇന്ദുമുഖി നിശമയ എന്നഴൽ നീ ശമയ.

അ.പ. സുന്ദരാംഗനായിടും ശ്രീ പത്മനാഭൻ
താനെന്നിഹ വന്നു പുണരുൻ നു. (ഇന്ദു...)

ചി.സ്വ: സാരസവദനേ സരസനോടയേ നീ കഥയ-
സാസുമശരാസനജനിതവിഷമരാഗ-
തിവിഗളിതധൃതികഥാഹമിഹ ബഹു ശോചാമി
രുതമപി കിമപി പരഭൃതശുകനികര-
സരളമധുപകലിതമിഹ ഹി തരസാ,
രുജ്ജമുപാകലയതേ ഹേ കമനി.

ച്: അന്യനില്ല മേ ശരണം.

മേൽക്കാണിച്ച വർണ്ണം ആറുഖണ്ഡങ്ങളായിട്ടാണ് രചിച്ചിരിക്കുന്നത്. ചരണം കഴിഞ്ഞ് സ്വരങ്ങൾ അനുബന്ധം

എന്ന രണ്ടു ഖണ്ഡങ്ങൾ കൂടിയുള്ളതിനുപുറമേ സ്വരത്തെ നാലായിവിഭജിച്ചിരിക്കുന്നു. ഗാനാലങ്കാര പ്രയോഗത്തിൽ സ്വാതിതിരുനാളിന്റെ അടുത്തുനിൽക്കാൻ പോലും പറ്റിയ ഗാനരചയിതാക്കൾ വിരളമാണ്. പാടിക്കേൾക്കുമ്പോൾ ഗാനങ്ങൾക്ക് ഉജ്ജ്വലതയും മാധുര്യവും കൂടുതൽ തോന്നുന്നതിനുവേണ്ടിയാണ് അലങ്കാരങ്ങൾ പ്രയോഗിക്കാറുള്ളത്. മുഹന, പ്രാസം, അന്ത്യപ്രാസം എന്നീശബ്ദാലങ്കാരങ്ങൾ മാതു (സാഹിത്യം)വിനെ ആശ്രയിച്ചും, ഗമകം, സംഗതി, ചിട്ടസ്വരം, സ്വരസാഹിത്യം, ചൊൽക്കെട്ട്, മധ്യകാലം, സ്വരാക്ഷരം എന്നിവ ധാതു(സ്വരങ്ങൾ)വിനേയും ആശ്രയിച്ചിരിക്കുന്നു, മുദ്രയും അലങ്കാരംതന്നെയാണ്. മുകളിൽക്കാണിച്ചവയിൽ 'സംഗതി' എന്ന അലങ്കാരമൊഴിച്ച് ബാക്കിയെല്ലാം സ്വാതിതിരുനാൾ കൃതികളിൽ പ്രയോഗിച്ചിട്ടുണ്ട്. പ്രാസപ്രയോഗവും സ്വരാക്ഷരപ്രയോഗവുമില്ലാത്ത ഒരു വർണ്ണമ്പോലും സ്വാതിതിരുനാളിന്റേതായിട്ടില്ല. ഉദാഹരിച്ച പദവർണ്ണത്തിൽ നൂറ്റിരണ്ടോളം സ്ഥാനങ്ങളിൽ ഈ പ്രയോഗം കാണാം. ധാതുവിലെ സ്വരവും മാതുവിലെ അക്ഷരവും ഒന്നിച്ച് ഒരേസ്ഥാനത്ത് വരുന്നതിനെയാണ് സ്വരാക്ഷരമെന്ന് വിശേഷിപ്പിക്കുന്നത്. സ്വാതിതിരുനാളിന്റെ പദവർണ്ണങ്ങളിൽ കാണുന്ന മറ്റൊരുസവിശേഷത പൂർവാംഗത്തേയും ഉത്തരാംഗത്തേയും യോജിപ്പിക്കുന്ന അനുബന്ധമെന്ന അംശമാണ്. പ്രാചീനസംഗീതാചാര്യന്മാരെ പിന്തുടർന്നാണ് അനുബന്ധം അദ്ദേഹം കൃതികളിൽ പ്രയോഗിച്ചിരിക്കുന്നത്. സുപ്രസിദ്ധമായ 'വീരിബോണി' വർണ്ണം ഉദാഹരണം. സാധാരണഗതിയിൽ സംഗീതജ്ഞർ പ്രസ്തുത ഭാഗത്തെ അവഗണിക്കുകയാണ് പതിവ്. തൽഫലമായി അവയ്ക്ക് നിലനിൽപ്പില്ലാതെ പോയി എന്നു മാത്രമല്ല ശ്രോതാക്കൾക്ക് അവയുടെ ഗുണാംശത്തെ മനസ്സിലാക്കാനുള്ള അവസരവും നഷ്ടപ്പെട്ടു.

സ്വാതിതിരുനാളിന്റെ ഇരുനൂറിൽപ്പരം കീർത്തനങ്ങൾ കിട്ടിയിട്ടുള്ളതിൽ 'പത്മനാഭ' പദമോ അതിന്റെ പര്യായങ്ങളോ മുദ്രയായി സ്വീകരിച്ചിരിക്ക്കുന്നു. മുദ്രയില്ലാത്തവയും കൂട്ടത്തിൽ ചിലതുണ്ട്. ഇഷ്ടദേവതയുടെ മഹാത്മ്യത്തെ പാടിപ്പുകഴ്ത്താൻ വേണ്ടിയാണ് അദ്ദേഹം മുഖ്യമായും കൃതികൾ രചിച്ചത്. ശ്രീപത്മനാഭനെക്കൂടാതെ ഗണപതി, ശിവൻ, സരസ്വതി, പാർവതി, ഹനുമാൻ, കുമാരൻ മുതലായ ദേവീദേവന്മാരെയും പ്രകീർത്തിച്ച് അദ്ദേഹം പാടിയിട്ടുണ്ട്.
തിരുവിതാംകൂർ സംസ്ഥാനത്തെ ദേവന്മാരാണ് കീർത്തനത്തിന് ഏറിയകൂറും വിഷയീഭവിച്ചിട്ടുള്ളത്. കൂട്ടത്തിൽ ഗുരുവായൂരപ്പനെപ്പറ്റി 'പാഹി പങ്കജനയന പാവന മൂർത്തേ' എന്നൊരു കൃതിയും കാണാം. തുടർച്ചയായൊരു കഥാഖ്യാനം സ്വാതികൃതികളിൽ ദൃശ്യമാണ്. ദശാവതാരകഥ, രാമായണകഥ, കൃഷ്ണാവതാരകഥ, ഭാഗവതകഥ തുടങ്ങിയവയെല്ലാം ചിലകൃതികളിൽ സംഗ്രഹിച്ചിട്ടുണ്ട്. ഘനരാഗങ്ങളിലും, രക്തിരാഗങ്ങളിലും, അപൂർവരാഗങ്ങളിലും അദ്ദേഹം ഗാനരചന നടത്തിയിട്ടുണ്ട്.

മറ്റുവാഗ്ഗേയകാരന്മാരെപ്പോലെ സ്വാതിതിരുനാളും രണ്ട് കൃതിസമുച്ചയങ്ങൾ രചിച്ചിട്ടുണ്ട്. പ്രഹ്ലാദചരിതപ്രോക്തമായ നവവിധഭക്തിമാർഗ്ഗങ്ങളെ ആവിഷ്കരിക്കുന്ന 'നവരത്ന മാലികാ' കീർത്തനങ്ങൾ, ഭക്തിയുടെ ഒമ്പതു വകഭേദങ്ങളെ ഭൈരവി, കേദാരഗൗളം, നീലാംബരി, തോടി, ബിലഹരി, ബേഗഡ, ആഹിരി, മുഖാരി, നാഥനാമക്രിയ എന്നീരാഗത്താൽ വിരചിതമാണ്. അദ്ദേഹത്തിന്റെ കൃതികളിൽവച്ച് ഏറ്റവും മഹത്വ പൂർണ്ണമെന്ന് പറയാവുന്ന ഈ കൃതികൾ സംഗീതപരമായും സാഹിത്യപരമായും വളരെ ഉന്നതനിലവാരം പുലർത്തുന്നതാണ്. എന്നാൽ ഏറ്റവും കൂടുതൽ ജനപ്രീതി നേടിയിട്ടുള്ളതും രചയിതാവിന്റെ കാലംതൊട്ട് ഇന്നുവരെ മുടങ്ങാതെ നവരാത്രിഉത്സവത്തോടനുബന്ധിച്ച് പാടിവരുന്നതുമായ കീർത്തനസമുച്ചയം നവരാത്രികീർത്തനങ്ങളാണ്. എല്ലാകീർത്തനങ്ങളും മനോഹരമാണെങ്കിലും അവസാനത്തേതായ 'പാഹി പർവത നന്ദിനി' എന്ന ആരഭിരാഗ കീർത്തനം കേൾക്കുമ്പോൾ അനുഭവപ്പെടുന്ന സുഖം പറഞ്ഞറിയിയ്ക്കാൻ പ്രയാസം തന്നെ.

മറ്റെല്ലാഗാനരൂപങ്ങളേക്കാളും കൂടുതൽ ശ്രോതാക്കൾ കേട്ടിരിക്കാനിടയുള്ളത് കീർത്തനങ്ങളാണല്ലോ. പ്രഗത്ഭരായ എല്ലാവാഗ്ഗേയകാരുടേയും കൃതികൾ കേട്ടുപരിചയിച്ച ഒരു ശ്രോതാവിന്, അദ്ദേഹം കേട്ടിട്ടുള്ള മിക്കകൃതികളും ഉന്നതനിലവാരം പുലർത്തുന്നതാണെന്ന് തോന്നാറുണ്ടെങ്കിലും, വത്യസ്ഥരചയിതാക്കളുടെ ഒന്നോരണ്ടോ കൃതികൾ വീതമെങ്കിലും ഏറ്റവും ഉത്തമവും ശ്രോതാവിന്റെ ഇഷ്ടഗാനവുമായി ഭവിയ്ക്കാറുണ്ട്. അങ്ങിനെയുള്ള ഒരനുഭവസ്ഥന് സ്വാതിതിരുനാൾ രചിച്ച 'മാ മവാ സദാജനനീ മഹിഷാസുരസൂദനീ' എന്ന 'കാനഡ' രാഗകൃതി മഹനീയമായിത്തോന്നാതിരിക്കയില്ല. 'കാനഡ' രാഗങ്ങളുടെ രാജാവാണെന്ന് അദ്ദേഹം സമർത്ഥിച്ചിട്ടുണ്ട്. ഈ

ഗാനം പക്വതവന്ന ഗായകർ ആലപിക്കുന്നതു കേട്ടാൽ ശ്രോതാക്കൾക്ക് ഞാൻ പറഞ്ഞതിന്റെ പരമാർത്ഥം ബോദ്ധ്യമാകും. വർണ്ണങ്ങളിലെന്നപോലെ ഗാനാലങ്കാരങ്ങൾ കൃതികളിലും സുലഭമായി സ്വാതിതിരുനാൾ പ്രയോഗിച്ചിട്ടുണ്ട്. മുഹന, പ്രാസം, അന്ത്യപ്രാസം എന്നിവയാണ് കൃതികളിലെ മുഖ്യാലങ്കാരങ്ങൾ. പ്രാസവും അന്ത്യപ്രാസവും നമുക്ക് സുപരിചിതമാണ്. മുഹനയെന്ന് സംകൃതത്തിൽ പറയുന്നതിനെ ഭാഷയിൽ ആദ്യപ്രാസം എന്ന് വിശേഷിപിക്കാം. ഒരുപാദത്തിലെ പൂർവ ഭാഗം തുടങ്ങുന്നത് ഏതക്ഷരത്തിലാണോ ആ അക്ഷരംതന്നെയോ അതിന്റെ അനുരൂപമായ മറ്റക്ഷരങ്ങളൊ ഉപയോഗിച്ച് ഉത്തര ഭാഗം തുടങ്ങുന്നതിനെ മുഹന (മോണ) എന്ന് പറയുന്നു.

ഉത്തമങ്ങളായ പല രാഗമാലികകളുടേയും കർത്താവണ് സ്വാതിതിരുനാൾ. രാമായണ സാരസംഗ്രഹകൃതിയാണ് 'ഭാവയാമിരഘുരാമം'. സാവേരിരാഗത്തിൽ സ്വാതിതിരുനാൾ രചിച്ച പ്രസ്തുത ഗാനം രാഗമാലികയാക്കിയത് സെമ്മങ്കുടി ശ്രീനിവാസയ്യരാണ്. സ്വാതിതിരുനാൾ തന്നെ രാഗമാലികയായി രചിച്ച 'കമലജാസ്യഹൃതനിക' മഹാവിഷ്ണുവിന്റെ പത്തവതാരങ്ങളെ ഓരോരാഗങ്ങളിലായി ഘടിപ്പിച്ചിരിക്കുന്നു. 'പന്നഗേന്ദ്രശയന' എന്ന രാഗമാലികയും പ്രസിദ്ധമാണ്. പലരാഗമാലികാ ശ്ലോകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

നൃത്തത്തിന്റെ ഉപയോഗത്തെ മുന്നിർത്തിയാണ് പദങ്ങൾ രചിച്ചിട്ടുള്ളത്. മോഹിനിയാട്ടമെന്ന നൃത്തകലയെ ഉദ്ദേശിച്ചു രചിച്ചവയാണ് സ്വാതിയുടെ അറുപത്തഞ്ചോളം വരുന്ന പദസമൂഹം. മണിപ്രവാളം 50, സംകൃതം 11, തെലുങ്ക് 3, കന്നട 1. തെലുങ്കിൽ രണ്ടു ജാവളികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'മുഹനപ്രാസാന്ത്യപ്രാസവ്യവസ്ഥ' എന്നൊരു ശാസ്ത്രകൃതിയും സ്വാതിതിരുനാൾ രചിച്ചിട്ടുണ്ട്. സംഗീതശാസ്ത്രത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അപാരപാണ്ഡിത്യത്തിന് ദൃഷ്ടാന്തമായി ഈ പ്രബന്ധം നിലകൊള്ളുന്നു. സ്വാതിതിരുനാൾ സംഗീതശാഖക്ക് നൽകിയിട്ടുള്ള സംഭാവനയുടെ ഒരംശം മാത്രമെ മുകളിൽ പരാമർശിച്ച്കിട്ടുള്ളു.

സ്വാതിതിരുനാളിന്റെ സാഹിത്യകൃതികളും സംഗീതപരമായി മേന്മപുലർത്തുന്നവയാകകോണ്ട് അവകളേയും ഹ്രസ്വമായൊന്നു പരാമർശിക്കേണ്ടിയിരിക്കുന്നു. കീർത്തനങ്ങളിലെന്നപോലെ സാഹിത്യകൃതികളിലേയും പ്രമേയം ഈശ്വരസാക്ഷാത്ക്കാരത്തിനുതകും വിധമുള്ള സ്തുതിതന്നെയാണ്. അതിനുകോട്ടം തട്ടത്തക്കതായ ലക്ഷ്യം വച്ചുകൊണ്ടൊരു സാഹിത്യസൃഷ്ടിയും അദ്ദേഹം നടത്തിയിട്ടില്ല. ഭക്തിമഞ്ജരി, ശ്രീപത്മനാഭശതകം, സ്യാനന്ദൂരപൂരവർണന, അജാമിളോപാഖ്യാനം, ഉത്സവപ്രബന്ധം, കുചേലോപാഖ്യാനം, അന്യാപദേശശതകാവതാരണിക എന്നിവയാണ് സംസ്കൃത സാഹിത്യത്തിന് സ്വാതിതിരുനാളിന്റെ മുഖ്യസംഭാവന. മേൽപ്പത്തൂരിന്റെ നാരായണീയത്തോട് കിടപിടിച്ചു നിൽക്കാൻ പോന്ന ഒരു സ്തോത്രകാവ്യമാണ് ഭക്തിമഞ്ജരി. മഞ്ജരിയിൽ ആയിരത്തൊന്നു
ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. പത്തുശതങ്ങളിലായി ഭക്തിയുടെ മഹാത്മ്യം അനുഭവങ്ങളിൽക്കൂടി, ഭകതവത്സലനായ ഭഗവാന്റെ കാരുണ്യാതിരേകം, കേശാദിപാദവർണ്ണ, ഭക്തിയുടെ നവവിധ വകഭേദങ്ങൾ; ഭാഗവതാദി പുരാണങ്ങളിലെ കഥകളും ഉപകഥകളും വിശദമായി ഇതിൽ ആഖ്യാനം ചെയ്തിരിക്കുന്നു. പലമഞ്ജരി പദ്യങ്ങൾക്കും നാരായണീയപദ്യങ്ങളുമായി ആശയസാമ്യമുണ്ടെങ്കിലും ആവിഷ്കരണ വിഷയത്തിൽ ഒരു പുതുമ പ്രദർശിപ്പിക്കാത്ത പദ്യങ്ങൾ വിരളമാണ്. ചിലപദ്യങ്ങളിലെ ഭക്തിഭാവം നാരായണീയ പദ്യങ്ങളെ അതിശയിക്കുന്നതായിക്കാണാം. ശ്രീപത്മനാഭശതകവും കുലദേവതയെ സ്തുതിക്കുന്നവതന്നെയാണ്.

തിരുവനന്തപുരത്തെ വാഴ്ത്തിക്കൊണ്ടുള്ള ഒരു ചമ്പൂകാവ്യമാണ് 'സ്യാനന്ദൂരപൂരവർണ്ണന'. ബാലക്രീഡ, പ്രത്യക്ഷദർശനം, കേശാദിപാദസ്തുതി, ക്ഷേത്രവർണ്ണന, തീർത്ഥമാഹാത്മ്യം, ഉത്സവപ്രശംസ, മൃഗയാവർണ്ണം, അഭിഷേകയാത്ര, തീർത്ഥാഭിഷേകം, ലക്ഷദീപം എന്നിങ്ങനെ പത്ത് ഭാഗങ്ങൾ 'സ്തബകം' (പൂങ്കുല) എന്നപേരിൽ ഇതിൽ ഉൽക്കൊള്ളുന്നു. സ്വാതിതിരുനാളിന്റെ മിക്കകൃതികളിലും സ്വനാമം ചേർത്തുകാണാറില്ലെങ്കിലും, ഈ കാവ്യത്തിൽ ഇപ്രകാരം കാണുന്നു:

'സ്വാതീജാതേന ചൂഡാദ്ദൃത സരസീജനാ-
ഭാംഘ്ര്യീയുഗ്മേന ലക്ഷ്മീ
രാജ്ഞീപുത്രേണ, വഞ്ചീശ്വരകുലജനുഷാ
രാമവർമ്മാദിധേന
ഭക്ത്യുദ്രേകേണ ശശ്വദ്ഗുരുവരകൃപയാ
നിർമ്മിതം ചമ്പൂകാവ്യം
സ്യാന്ദൂരേശ്വരസ്യ പ്രമിതമുപനൃതാ
ശം സദാലം നിദധ്യാത്.'

അവസാനപാദം കലിവാക്യമാണെന്നും, അതുപ്രകാരം മനോഹരമായ ഈ ചമ്പൂകാവ്യം രചിച്ചത് കി.പി. 1838-ൽ ആണെന്നും അഭിപ്രായമുണ്ട്.

മേരുസ്വാമിയുടെ തിരുവിതാംകൂറിലേക്കുള്ള വരവോടുകൂടിയാണ് ഹരികതഥാകാലക്ഷേപം അവിടെ വേരൂന്നാൻ തുടങ്ങിയത്. അദ്ദേഹത്തിനവതരിപ്പിക്കുവാൻ വേണ്ടി സ്വാതിതിരുനാൾ രചിച്ച രണ്ടുപാഖ്യാനമാണ് അജാമിളോപാഖ്യാനവും കുചേലോപാക്യാനൗം. മഹാരാഷ്ട്ര സമ്പ്രദായത്തിൽ പ്രചാരമുള്ള സാകി, ദിണ്ഡി, അഭങ്ങ് തുടങ്ങിയ വൃത്തങ്ങളിലാണ് ഇവയിലെഗാനങ്ങളും ശ്ലോകങ്ങളും രചിച്ചിരിക്കുന്നത്. ഉത്സവപ്രബന്ധം എന്ന മണിപ്രവാള ഗ്രന്ഥം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പത്തുദിവസത്തെ ഉത്സവാഘോഷങ്ങളെ പ്രതിപാദിക്കുന്നതാണ്. ആമുഖം, പത്തുദിവസത്തെ ഉത്സവം, ഉപസംഹാരം ഇങ്ങനെ 42 ശ്ലോകങ്ങളും 12 ഗാനങ്ങളും ഇതിലുണ്ട്. ഗാനങ്ങളെല്ലാം രാഗതാളനിബന്ധനയോടുകൂടിയുള്ളവയാണ്. ഇതിലെ പലഗാനങ്ങളും കച്ചേരികളിലും നാറ്റ്യത്തിലും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. നീലകണ്ഠ ദീക്ഷിതരുടെ 'അന്യാപദേശശതകത്തി'ലെ ഓരോശ്ലോകങ്ങൾക്കും ഗദ്യത്തിൽ ഓരോ ആമുഖം സംകൃതത്തിൽ സ്വാതിതിരുനാൾ എഴുതിചേർത്തിട്ടുണ്ട്. അതാണ് 'അന്യാപദേശശതകാവതരണിക'.

സ്വാതിതിരുനാളിന്റെ ഉറ്റസുഹൃത്തുക്കളായിരുന്ന തമ്പി, കോയിൽത്തമ്പുരാൻ എന്നിവരോടൊപ്പം സഞ്ചരിക്കുമ്പോൾ പലനിമിഷരഞ്ചനകളും ഉണ്ടാക്കാറുണ്ടായിരുന്നു . അവയിൽ ചിലതെല്ലാം ഐതീഹ്യരൂപേണ പ്രചരിച്ചിട്ടുണ്ടെങ്കിലും നല്ലശതമാനവും കരഗതമല്ല. മലയാളത്തിന്റെ പരിണാമദശയിൽ രണ്ടു യൂറോപ്യൻ പാതിരിമാർ ഉണ്ടാക്കിയ വിലപ്പെട്ടഗ്രന്ഥങ്ങൾക്ക് സ്വാതിതിരുനാൾ ധനസഹായം നൽകി അനുഗ്രഹിക്കുകയുണ്ടായി. പിറ്റ്സിന്റെ മലയാളം വ്യാകരണവും, ബെയ്‌ലിസായിപ്പിന്റെ മലയാള-ഇംഗ്ലിഷ് നിഘണ്ടുവുമാണവ. ഈഗ്രന്ഥങ്ങൾ 1841-46 കാലങ്ങളിലാണ് പുറത്തുവന്നത്.

ഭാരതീയസംഗീതവും അതിനോടനുബന്ധമായിട്ടുള്ള നൃത്തനൃത്യാദികളും നിലനിൽക്കുന്നിടത്തോളം കാലം, സ്വാതിതിരുന്നാളിന്റെ മറ്റെല്ലാനേട്ടങ്ങളും വിസ്മരിക്കപ്പെട്ടുപോയാലും, അദ്ദേഹം സംഗീതത്തിനും നൃത്തത്തിനും നൽകിയിട്ടുള്ള വിലമതിക്കാനാവാത്ത സംഭാവനകൾക്ക് മങ്ങലേൽക്കുകയില്ലെന്ന് ഉറപ്പ്പറയാം. ആധൂനിക കേരളത്തിന്റെ നാനാമുഖനേട്ടങ്ങൾക്ക് അടിത്തറപാകിയവരിൽ പ്രഥമഗണനീയനാണ് സ്വാതിതിരുനാൾ.

oooooooOOOOOOooooooo.

ഡോംബിവലി,
22.2.08.

# Temples in USA.

**Chandra Sekharan**

As a child I was attracted to our local temple Pazhayakavu that is also known as Meen KuLathi Amman Kaavu in Pallassana where I was born and lived until I was 19years. I have seen many temples in India but I would like to introduce some of the few temples that I have visited and liked most in USA since I came here in 1989 for almost 19 years.

Let me start first with Flushing NY Ganesha temple where we lived close by from 1989-1993. Here is the link to this temple. One can view for more details.
http://www.nyganeshtemple.org/

This temple is special to me since our eldest daughter's marriage was conducted here in 1993.

2. Sri SV temple in Pittsburgh PA. This one is serene and situated atop a small hill in Monroeville PA. Here is the link and one can get more details. We were frequent visitors during 1992-1996 while our youngest daughter was studying at U Pitt. http://www.svtemple.org/temple/index.shtml

3. Shri Meenakshi temple at Pearland TX.
This is another important temple in my life and I like it most. Following is the link to this temple for more details.
http://www.meenakshi.org/index.php

Our youngest daughter's wedding was conducted in this temple in 2000 and I am grateful to Mr. Ramalingam for all his assistance at that time and he continues to be the administrator even today.

4. Siva Vishnu temple Lanham MD near Washington DC. Following is the link to this temple. I visited only thrice this temple but I would recommend everyone to visit. Especially the 18 steps that are open to Ayyappa Sannidhanam ONLY during Mandala season are attractive and kept very holy during the rest of the year.
http://www.ssvt.org/

5. DFW Hindu temple (EKTA mandir). Following is the link to this temple for more details.
http://www.dfwhindutemple.org/

We moved to Euless TX in 1993 and this temple is situated very close by from where we lived. I am a life member of this temple and served one year in the managing committee also. Due to circumstances beyond my control I have not visited this temple for last 2 years.

I do not have links to the temples that I visited at Malibu CA, Delaware where I could go only once each. I have visited Kasi Viswanatha Temple at Flint MI also.

I have also visited two ashrams Gurukul at Saylorsburg PA and another one Barsana Dham at Austin TX. Both these places are quiet with temples and sathsang meetings and discourses by Swamijis.

There are many more temples in all over USA and more temples are also being constructed. I am really glad that we, Hindus are very conscious and trying our best to guide our next generation in the same atmosphere that we lived during our younger days.

Om Namo Narayanaya

# Member News – Group News

**Our group member Shri Vinod PS & his wife Smt Anjeli are blessed with a baby girl. Let us congratulate them and may Guruvayoorappan bless them.**

**Our group member Smt. Anjusha Varma's & Shri Sreekumar Kartha's cute daughter Gauri Sreekumar! May Guruvayoorappan bless them!!**











*Please email us at navaneetham@guruvayoor.com with your name and brief introduction to have your name appear in this section, also please email us your comments, suggestions, articles for Navaneetham June issue to editor@guruvayoor.com*

| | |
|---|---|
| Sources, credits and copyright acknoledgements<br>– Manoramaonline.com thehindu.com<br>- Krishna pictures/Artwork courtesy of<br>The Bhaktivedanta Book Trust International, Inc.<br>google picture searches<br>www.flickr.com<br>http://www.krishna.com<br>http://flickr.com/photos/captain_nidish/<br>http://devaragam.blogspot.com/2006/04/blog-sost_14.html<br>http://www.flickr.com/photos/85701004@N00/ | ***Our apologies for those articles & poems we could not publish this time due to space limitations. We will have them published in the forthcoming issues.*** |



**Om Namo Bhagavathe Vasudevaya! കൃഷ്ണാ ഗുരുവായൂരപ്പാ! Om Namo Narayanaya:**

May God Bless you all.